പ്പോലെതന്നെ ബ്രെഷ്നേവിന്റെ വിശ്വസ്തസുഹൃത്തുക്കളിലൊരാളായിരുന്നു ചെർണങ്കോ. ബ്രെഷ്നേവിനുശേഷം ചെർണങ്കോ രാഷ്ട്രനേതൃസ്ഥാനം സ്വമനസ്സാലേ ആന്ദ്രപോവിന് ഒഴിഞ്ഞുകൊടുക്കുകയാണു ചെയ്തതെന്നു പറഞ്ഞുകേട്ടിരുന്നു. നേതൃത്വം ഏറ്റെടുത്തയുടനെ നടത്തിയ ഒരു പ്രഖ്യാപനത്തിൽ സൈനികാധിപത്യത്തിനോ, മററു ജനതകളുടെ മേൽ തങ്ങളുടെ ഇച്ഛ ചുമത്തുന്നതിനോ ആഗ്രഹിക്കുന്നില്ലെങ്കിലും ഇന്നു ലോകത്തിൽ നിലവിലുള്ള സൈനികശക്തിസന്തുലനം നഷ്ടപ്പെടാൻ സോവിയററ് യൂണിയൻ അനുവദിക്കുകയില്ലെന്ന് ചെർണങ്കോ വ്യക്തമാക്കുകയുണ്ടായി. ഇതിനർത്ഥം, പശ്ചിമയൂറോപ്പിൽനിന്ന് അണ്വായുധങ്ങൾ ഘടിപ്പിച്ച മിസൈലുകൾ എടുത്തുമാററാൻ, സാദ്ധ്യമായ എല്ലാ വിധത്തിലും, അമേരിക്കയുടെമേൽ സോവിയററ് യൂണിയൻ നിർബന്ധം ചെലുത്തുമെന്നാണ്. യൂറോപ്പിലെയും അമേരിക്കൻ ഐക്യനാടുകളിലെയും ജനങ്ങളുടെ സംഘടിതമായ പ്രക്ഷോഭണം റേയ്ഗൻ ഭരണകൂടത്തെ മിസ്സൈൽ—ദൂരീകരണത്തിനു നിർബന്ധിതമാക്കുംവരെ, മനുഷ്യവർഗത്തിന്റെ തലയ്ക്കുമീതെ ഡെമോക്ളീസ്സിന്റെ വാൾപോലെ അണുയുദ്ധഭീഷണി തൂങ്ങിക്കിടക്കുകതന്നെ ചെയ്യും.

ചെർണങ്കോവിന്റെ നേതൃത്വം താല്ക്കാലികമായേക്കാം. പ്രായക്കൂറവും ആരോഗ്യവും പ്രസരിപ്പും കൂടുതലുള്ള മറെറാരു നേതാവ്, അധികം വൈകാതെ, സോവിയററ് യൂണിയന്റെ ഭരണസാരഥ്യം ഏറെറടുത്തേക്കാം. അതെന്തായാലും ബ്രെഷ്നേവിന്റെയും ആന്ദ്രപോവിന്റെയും വാഴ്ചക്കാലങ്ങളിലെന്നപോലെ ചെർണങ്കോവിന്റെ കാലത്തും സോവിയററ് യൂണിയന്റെ ശക്തവും ആരോഗ്യകരവുമായ സൗഹർദവും പ്രയോജനകരമായ സഹകരണവും ഇന്ത്യയ്ക്കു പ്രതീക്ഷിക്കാം.

(14 ഫെബ്രുവരി, 1984)

# 128. ധീരേന്ദ്രബ്രഹ്മചാരി

മനസ്സ് ഒരു മഹാത്ഭുതമാണ്. അനുഭവവും സ്മരണയും, സങ്കല്പങ്ങളും, വികല്പങ്ങളും, സംശയവും, നിശ്ചയവും എല്ലാം മനസ്സിന്റെ പ്രവർത്തനഫലങ്ങളാകുന്നു. മനസ്സിലൂടെയാണു നാം പ്രപഞ്ചത്തെ ഉൾക്കൊള്ളുന്നതും, പ്രപഞ്ചത്തിൽ ഇടപെടുന്നതും. എന്നാൽ, എന്താണ് ഈ മനസ്സ്? അതു് ഇനിയും അസന്ദിഗ്ദ്ധമായി നിർവചിക്കപ്പെട്ടിട്ടില്ല.

പക്ഷേ, ഒന്നു നമുക്ക് അറിയാം; മനസ്സ് ഇടവിടാതെ ചലിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ മുമ്പിൽ അതാതു സമയം ഉള്ളതെന്തോ, മനസ്സ് അതായിത്തീരുന്നു. മുമ്പിൽ ഒന്നുമില്ലാത്തപ്പോഴും മനസ്സു പല രൂപങ്ങൾ കൈക്കൊള്ളുന്നു. ഗാഢനിദ്രയിലോ, ഒട്ടും ബോധമില്ലാത്തപ്പോഴോ മാത്രമേ മനസ്സ് അല്പമെങ്കിലും അടങ്ങിയൊതുങ്ങി ഇരിക്കുന്നുള്ളു.

എങ്കിലും മനസ്സിനെ അടക്കിയൊതുക്കി ഇരുത്തേണ്ടതു ജീവിതസൗഖ്യത്തിന് അനുപേക്ഷണീയമാകുന്നു. അഭ്യാസംകൊണ്ടും വൈരാഗ്യംകൊണ്ടും മനസ്സിനെ അടക്കിയൊതുക്കി ഇരുത്താൻ കഴിയുമെന്നു പഴയ ഭാരതീയർ കരുതിവന്നു. അങ്ങനെ മനസ്സിനെ കീഴ്പ്പെടുത്തുന്നതു്

സമാധാനത്തിനും സൗഖ്യത്തിനും മാത്രമല്ല ഉപകരിക്കുകയെന്നും അവർ കണ്ടു. മനസ്സിനെ നിയന്ത്രിക്കുന്നതുവഴി ശരീരത്തിന്റെ പല രോഗങ്ങളും ഒഴിവാക്കാൻ കഴിയുമെന്ന് അവർക്ക് അറിയാമായിരുന്നു. ഇതിനു പുറമേ മനോനിയന്ത്രണംമൂലം ബുദ്ധിയെ ഉത്തേജിപ്പിക്കാനും, പരമമായ വിവേകം നേടുവാനും സാദ്ധ്യമാണെന്ന് അവർ വിശ്വസിച്ചു. അസാധാരണങ്ങളായ പല സിദ്ധികളും നേടുന്നതിനു മനോജയം വഴിയൊരുക്കുമെന്ന് അവർ പ്രഖ്യാപിച്ചു.

മനസ്സിനെ നിയന്ത്രണവിധേയമാക്കുന്നതിനുള്ള മാർഗമാണ് 'യോഗം'. പ്രാചീനഭാരതീയരുടെ മനോനിയന്ത്രണാഭ്യാസങ്ങൾ പതഞ്ജലിയുടെ 'യോഗദർശനം' എന്ന ഗ്രന്ഥത്തിൽ ക്രോഡീകരിച്ചിരിക്കുന്നു. സംസ്കൃതത്തിലുള്ള ഈ ഗ്രന്ഥത്തിനു പ്രാചീനങ്ങളും ആധുനികങ്ങളുമായ ധാരാളം വ്യാഖ്യാനങ്ങളുണ്ട്. ആധുനികവ്യാഖ്യാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നത്രേ വിവേകാനന്ദസ്വാമികളുടെ 'രാജയോഗം'. മഹാകവി കുമാരനാശാനും, വേറെയും ചിലരും, ഈ പുസ്തകം മലയാളത്തിൽ വിവർത്തനം ചെയ്തിട്ടുണ്ട്. സാധാരണ ബുദ്ധിയുള്ള ആർക്കും ഈ പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കാവുന്നതേയുള്ളു.

വൈരാഗ്യംകൊണ്ടല്ലെങ്കിൽ നിരന്തരമായ അഭ്യാസം—ആവർത്തിച്ചുള്ള പ്രവൃത്തി—കൊണ്ടേ മനസ്സിനെ നിയന്ത്രിക്കാൻ കഴിയൂ. ഈ അഭ്യാസത്തിന്റെ ഒരു ഘടകമാണ് 'പ്രാണായാമം' എന്നറിയപ്പെടുന്ന ശ്വാസനിയന്ത്രണം. മറ്റൊരു ഘടകമാണ് 'ആസനങ്ങൾ'. ഇളകാതെയും എന്നാൽ, ബുദ്ധിമുട്ടില്ലാതെയും ഇരിക്കുന്നതിനുള്ള ശരീരവിന്യസനങ്ങളാണ് ഇവ. ശരീരത്തിലെ ഹൃദയം, ശ്വാസകോശം, കരൾ, അന്തഃസ്രവഗ്രന്ഥികൾ മുതലായ ആന്തരാവയവങ്ങൾക്കു വ്യായാമവും ഉത്തേജനവും നൽകാൻ പല ആസനങ്ങളും ഉപകരിക്കും. ശരീരത്തിന്റെ ശക്തിയും, ക്ഷീണം തോന്നാതെ വളരെനേരം പ്രവർത്തിക്കുന്നതിനുള്ള കഴിവും, ഇന്ദ്രിയങ്ങളുടെ സൂക്ഷ്മതയും, മററും, ആസനപരിശീലനത്തിലൂടെ വളരെയധികം വർധിപ്പിക്കാൻ കഴിയും. യോഗത്തിന്റെ പ്രാഥമികപാഠങ്ങളെങ്കിലും പഠിച്ചവർക്കു സാധാരണക്കാരുടെമേൽ അസാമാന്യമായ സ്വാധീനശക്തി—സമ്മർദംതന്നെ—ചെലുത്തുവാൻ സാധിക്കുമെന്നും തെളിഞ്ഞിട്ടുണ്ട്.

ആസനങ്ങളും പ്രാണായാമവും അഭ്യസിച്ചതിന്റെ ഫലമായും, മററു വിധത്തിലും, മററുള്ളവരുടെമേൽ സ്വാധീനം ചെലുത്തി തൻകാര്യം നേടുന്നവർ എല്ലാകാലത്തും ധാരാളമുണ്ടായിരുന്നു. റഷ്യയിലെ വിപ്ലവത്തിനു മുമ്പ് സാർ ചക്രവർത്തിയുടെ കുടുംബത്തിൽ അപരിമിതമായ സ്വാധീനം ചെലുത്തിയിരുന്ന 'റാസ്പുട്ടിൻ' എന്ന സന്ന്യാസിയുടെ പേരു പലർക്കും പരിചിതമായിരിക്കും. ഇന്ത്യൻരീതിയിൽ പ്രാണായാമമോ, ആസനങ്ങളോ റാസ്പുട്ടിൻ ശീലിച്ചിരുന്നില്ല. എന്നിട്ടും, അവ ശീലിച്ചവർ നേടുന്ന പല സിദ്ധികളും, എങ്ങനെയോ, അയാൾക്കു കൈവന്നിരുന്നു.

നെഹ്റുകുടുംബത്തിലെ മൂന്നു തലമുറകളിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞ ധീരേന്ദ്രബ്രഹ്മചാരി, ആസനപരിശീലനത്തിലൂടെ മററുള്ളവരിൽ സമ്മർദം ചെലുത്താനുള്ള കഴിവു നേടിയ ഒരാളാണെന്നു തോന്നുന്നു. ജവാഹർലാൽ നെഹ്റുവിനെ യോഗാസനങ്ങൾ പഠിപ്പിച്ചുകൊണ്ടാണ് ഈയാൾ നെഹ്റുകുടുംബത്തിൽ കടന്നുകൂടിയതു്. പിന്നെ ഇന്ദിരാഗാന്ധിയെ യോഗം അഭ്യസിപ്പിച്ചു. സഞ്ജയഗാന്ധിയുടെ വിശ്വസ്തസുഹൃത്തായും ധീരേന്ദ്രബ്രഹ്മചാരി കുറേക്കാലം വിലസുകയുണ്ടായി. നെഹ്റുകുടുംബവുമായുള്ള അടുപ്പംമൂലം കൈവന്ന സ്വാധീനശക്തി ഉപയോഗിച്ച് ഇയാൾ ഒരുപാടു പണം, എങ്ങനെയൊക്കെയോ, സമ്പാ

ഭിച്ചു. ഇപ്പോൾ ദില്ലി നഗരത്തിലും ജമ്മുവിലും മററുമായി വലിയ പല ആശ്രമങ്ങളും, ബീഹാറിൽ ധാരാളം ഭൂസ്വത്തുക്കളും, മൂന്നു വിമാനങ്ങളും, ഒട്ടേറെ കാറുകളും, വിദേശബാങ്കുകളിൽ നിക്ഷേപങ്ങളും ഒക്കെ ഈ ആൾക്കുണ്ടെന്നു പറയുന്നു. ഇവയെല്ലാം പുറമേ ഏതാനും വ്യവസായ സ്ഥാപനങ്ങളും ബ്രഹ്മചാരിയുടെ വകയായുണ്ട്. ജമ്മുവിൽ തോക്കു നിർമിക്കുന്നതിനുള്ള ഒരു ഫാക്ടറിയാണ് ഈ സ്ഥാപനങ്ങളിലൊന്ന്. നിയമവിരുദ്ധമായി സ്പെയിനിൽനിന്ന് ഇറക്കുമതിചെയ്ത തോക്കിൻ കുഴലുകൾ ജമ്മുവിലേക്കു കടത്തിക്കൊണ്ടുചെന്നു എന്ന കുററം ചുമത്തി കാശ്മീർ പോലീസ് ബ്രഹ്മചാരിയെ ഈയിടെ അറസ്റ്റുചെയ്തു. ഇതെഴുതുമ്പോൾ ഈയാൾ ജാമ്യത്തിൽ ഇറങ്ങിയിരിക്കുകയാണ്. പോലീസ് ഈയാളുടെ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയുമാണ്.

ബീഹാറിൽ ജ്യോതിഷക്കാർക്കും ശക്തിപൂജക്കാർക്കും പ്രസിദ്ധികേട്ട സ്ഥലമാണ് ദർഭംഗയ്ക്കടുത്തുള്ള മധുബനി ജില്ല. ഈ ജില്ലയിലെ ഒരു കുഗ്രാമത്തിൽ ദരിദ്രമായ ഒരു മൈഥിലബ്രാഹ്മണകുടുംബത്തിൽ, മൂന്ന് ആൺകുട്ടികളിലൊരാളായി ധീരചന്ദ്രൻ പിറന്നു. വലിയ വിദ്യാഭ്യാസമൊന്നും നേടാൻ അയാൾക്കു കഴിഞ്ഞില്ല. കാലക്ഷേപത്തിനു വഴി തേടി അയാൾ കൽക്കത്തയിലും ജമ്മുവിലും എത്തി. എങ്ങനെയോ പഠിച്ച യോഗാസനങ്ങൾ പലരേയും പഠിപ്പിച്ച് അയാൾ, മററൊന്നുമില്ലെങ്കിലും, ആത്മവിശ്വാസം നേടി. മുപ്പതുകൊല്ലം മുമ്പ് അയാൾ ദില്ലിയിലേക്കു താമസം മാററി. അതോടെ പേര് 'ധീരേന്ദ്രബ്രഹ്മചാരി' എന്നാക്കി. ഒരു പാർലമെൻറ് മെമ്പറുമായി അടുത്ത്, അദ്ദേഹത്തിൻെറ വീട്ടിനു പുറത്തുള്ള ചാവടിയിൽ പാർത്തുകൊണ്ട് ധീരേന്ദ്രബ്രഹ്മചാരി യോഗാസനക്ലാസ്സുകൾ നടത്തിത്തുടങ്ങി. അന്ന് പ്ലാനിങ് മന്ത്രിയായിരുന്ന ജി. എൽ. നന്ദയുടെ പരിചയം നേടിയതോടെ ബ്രഹ്മചാരിയുടെ ശുക്രദശ ആരംഭിച്ചു. 1960–നടുത്ത് ബ്രഹ്മചാരിക്കു പ്രശസ്തരായ രണ്ടു ശിഷ്യരെ കിട്ടി—ജവാഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും.

ബ്രഹ്ചാരി ഇത്രയേറെ പണം സമ്പാദിച്ചതെങ്ങനെ?

ഇന്ത്യാഗവണ്മെൻറിൽനിന്നു വലിയ തുകകൾ ഗ്രാൻറായി ഈയാൾക്കു കിട്ടിയിട്ടുണ്ട്. പക്ഷേ, അതുകൊണ്ടുമാത്രം ബ്രഹ്മചാരിയുടെ ഇന്നത്തെ സമ്പത്സമൃദ്ധിയെ വ്യാഖ്യാനിക്കാനാവില്ല. എങ്കിലും, തൻെറ വരുമാനത്തിൻെറ ശരിയായ സ്രോതസ്സുകൾ മൂടിവെക്കാൻ ഇന്നോളം അയാൾക്കു കഴിഞ്ഞിട്ടുണ്ട്. ജനതാഭരണകാലത്തു നിയമിക്കപ്പെട്ട ഷാ കമ്മീഷൻ പല അന്വേഷണങ്ങളും നടത്തിനോക്കിയെങ്കിലും, അവയിൽനിന്നെല്ലാം ഒരു പോറലുപോലുമേല്ക്കാതെ അയാൾ രക്ഷപ്പെടുകയാണുണ്ടായത്.

ബ്രഹ്മചാരിയുടെ ധൂർത്തുനിറഞ്ഞ ജീവിതസമ്പ്രദായത്തെപ്പററി ധാരാളം അപവാദങ്ങൾ പ്രചാരത്തിലുണ്ട്. പത്രങ്ങളിൽ അവ നിറഞ്ഞു പരന്നു ദുർഗന്ധം വമിക്കുന്നു. അയാളുടെ ശമ്പളം വാങ്ങുന്ന സുന്ദരിമാരായ എത്രയോ പെൺകുട്ടികൾ ഉണ്ടത്രെ. ഇവരിലൊരുത്തിയുടെ ഭർത്താവ്, തൻെറ ഭാര്യയുടെ ചാരിത്രം അപഹരിച്ചതിൻെറ പേരിൽ, ഈയാൾക്കെതിരെ കേസ്സുകൊടുക്കുകയുണ്ടായി. പക്ഷേ, ആരോപണം കോടതിയിൽ തെളിഞ്ഞില്ല; ബ്രഹ്മചാരി രക്ഷപ്പെട്ടു.

ബ്രഹ്മചാരിക്ക് നെഹ്റുകുടുംബത്തിലുള്ള സ്വാധീനം അവിഹിതലാഭങ്ങൾക്കുവേണ്ടി പലരും ഉപയോഗപ്പെടുത്തിവരുന്നതായി പറയപ്പെടുന്നു. 1967 മുതൽ ധീരേന്ദ്രബ്രഹ്മചാരി പാർലമെൻറ് തെരഞ്ഞെടുപ്പിലെ പ്രചാരവേലകളിലും മററും നേരിട്ട് ഇടപെടുന്നുമുണ്ട്.

ഇന്ത്യയുടെ ഭരണകർത്താക്കളിൽ വളരെ വലിയ ഒരു വിഭാഗം

അന്ധവിശ്വാസങ്ങൾക്ക് അടിമകളാണ്. ജ്യോതിഷികളിലും, 'താന്ത്രികന്മാർ' എന്ന പേരിൽ പ്രവർത്തിക്കുന്ന മന്ത്രവാദികളിലും, ഇവരിൽ പലരും വിശ്വസിക്കുന്നുണ്ട്. കളമെഴുതി ദീർഘനേരം നടത്തുന്ന പൂജകളാണ് താന്ത്രികന്മാരുടെ സ്പെഷ്യാലിററി. ഈ 'ശക്തി'പൂജകളിൽ പലപ്പോഴും മദ്യം,മാംസം മുതലായവ നിവേദ്യങ്ങളായി അർപ്പിക്കപ്പെടുന്നു. പൂജാവസാനത്തിൽ പൂജകനും 'മുദ്ര' എന്ന പേരിൽ അറിയപ്പെടുന്ന ചില സ്ത്രീകളും ചേർന്നു നടത്തുന്ന കാമകേളികളെപ്പററി പല വിവരണങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം ശക്തിപൂജകളിൽ ചില സ്റ്റേറ്റുകളിലെയും കേന്ദ്രത്തിലെയും പല മന്ത്രിമാരും ആകൃഷ്ടരാണത്രെ.

ഇന്ദിരാകോൺഗ്രസ്സുമായി ബന്ധമുണ്ടെന്നു നടിക്കാറുള്ള കേരളത്തിലെ ഒരു പത്രമുടമ ജ്യോത്സ്യനും താന്ത്രികനുമെന്നു നടിക്കുന്ന ഒരു നമ്പൂതിരിയെ ഇവിടെനിന്നും ദില്ലിയിലേക്കു കൊണ്ടുപോകുകയും, ഇന്ദിരാഗാന്ധി ഇവരെ കാണാൻ കൂട്ടാക്കാതിരുന്നതിനാൽ നിരാശരായി മടങ്ങിപ്പോരുകയുംചെയ്ത കഥ ദില്ലിയിലെ വിശ്വാസ്യനായ ഒരു പത്രലേഖകൻ എനിക്കു വിവരിച്ചുതന്നിട്ടുണ്ട്.

പതഞ്ജലിയുടെ 'യോഗദർശനം' മുഖ്യമായി ഊന്നുന്നതു് ഇന്ദ്രിയനിഗ്രഹത്തിലാണ്. കാമ—ക്രോധ—ലോഭ—മോഹ—മദ—മാത്സര്യാദികൾക്ക് അടിമകളായവർക്ക് യോഗസിദ്ധി കൈവരുകയില്ലെന്ന് ഹൈന്ദവ ഗ്രന്ഥങ്ങൾ ആവർത്തിച്ചുപറയുന്നു. പത്രങ്ങളിൽ എഴുതിയതിൽ നൂറിലൊരംശം സത്യമുണ്ടെങ്കിൽ, ധീരേന്ദ്രബ്രഹ്മചാരിക്ക് ഒരു അലൗകിക സിദ്ധിയുമില്ല; ഉള്ളതു കൃത്രിമപ്രവർത്തനങ്ങളിലുള്ള കുറെയേറെ സാമർത്ഥ്യം മാത്രമാണ്.

യോഗി ഒരിക്കലും ഒരു തോക്കുഫാക്ടറി നടത്തേണ്ടതില്ല. തോക്കു ഫാക്ടറിയുടമ ഒരിക്കലും ഒരു യോഗിയാവില്ല. യോഗികൾ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടേണ്ടതുമില്ല. നെഹ്റുകുടുംബത്തിൽ വന്നുപെട്ട ചെളിയാണ് ധീരേന്ദ്രബ്രഹ്മചാരിയുമായുള്ള ബന്ധം. പ്രധാനമന്ത്രിയുമായി ഉണ്ടെന്നു പറയപ്പെടുന്ന അടുപ്പം അയാൾക്ക് ഒരിക്കലും ഒരു സംരക്ഷണകവചമായിക്കൂടാ. നിയമം ലംഘിച്ചതായി തെളിയുന്നപക്ഷം, മറേറതൊരു കുററവാളിക്കും നൽകപ്പെടുന്ന ശിക്ഷ ധീരേന്ദ്രബ്രഹ്മചാരിക്കും ലഭിക്കണം.

ഇത്രയധികം പണം ഇത്രയും ചുരുങ്ങിയ കാലത്തിനിടയ്ക്കു് ഈ 'യോഗി' എങ്ങനെ സമ്പാദിച്ചു എന്നു് അറിയാനുള്ള അവകാശം, രാപ്പകൽ നിരന്തരം അദ്ധ്വാനിച്ചിട്ടും വരവും ചെലവും ഒപ്പിച്ചുപോകുന്നതിൽ പരാജയപ്പെടുന്ന മര്യാദക്കാരനായ ഓരോ ഇന്ത്യൻ പൗരനുമുണ്ട്.

(1 ജനുവരി, 1984)

# 129. പൈലട്ട് ബാബ

പൈലട്ട് 'ബാബ'യുടെ മുപ്പത്തിമൂന്നാമത്തെ 'ഭൂമിസമാധി'യെപ്പററി വായിച്ചതു് 1983 ഡിസംബർ 25—ലെ 'ധർമയുഗ' വാരികയിലാണ്.

'സാസാരാം എന്ന സ്ഥലത്തു് ഒരു മുൻ രാജകുടുംബത്തിൽ പിറന്ന കപിലസിംഹൻ സ്വതന്ത്രഭാരതത്തിലെ വിമാനസൈന്യത്തിൽ ഒരു 'വിങ് കമാണ്ടർ' ആയിരുന്നു. പാകിസ്ഥാനുമായി യുദ്ധം നടന്ന കാല